"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**വികസന സദസ്** 'സംഘടിപ്പിക്കുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

G.O.(Ms) No.158/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

<u>**ഉത്തരവ്**</u>

സംസ്ഥാന സർക്കാരിന്റെ ഇന്നോളമുള്ള വികസന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച് ജനങ്ങളുടെ അഭിപ്രായം ലഭ്യമാക്കുകയും ഭാവി വികസനത്തിനായുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനും കേരളം ഇതുവരെ ആർജിച്ച നേട്ടങ്ങളും മുന്നേറ്റങ്ങളും സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ഇനി ആവശ്യമുള്ള വികസനം സംബന്ധിച്ച് പൊതുജനാഭിപ്രായം ഉൾക്കൊള്ളുന്നതിനുമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനതലത്തിലും (ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ) വികസന സദസ് സംഘടിപ്പിക്കുന്നതാണ്.

വികസന സദസ് സംഘടിപ്പിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സെപ്റ്റംബർ 20 ന് സമാരംഭിച്ച് ഒക്ടോബർ 20 ഓടുകൂടി പൂർത്തിയാകുന്ന രീതിയിൽ വികസന സദസ് സംസ്ഥാനമൊട്ടാകെ നടത്തേണ്ടതാണ്. തിരഞ്ഞെടുത്ത ഒരു തദ്ദേശ സ്ഥാപനത്തിൽ <u>സെപ്റ്റംബർ 20 ന്</u> ബഹു.മുഖ്യമന്ത്രി വികസന സദസ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. തുടർന്ന് ഒക്ടോബർ 20 വരെയുള്ള ദിവസങ്ങളിൽ സൗകര്യപ്രദമായ ഒരു ദിവസം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വികസന സദസ്സ് സംഘടിപ്പിക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തുകളിൽ 250-350 പേരെയും നഗരസഭ/കോർപ്പറേഷനുകളിൽ 750-1000 പേരെയും വികസന സദസിൽ പങ്കെടുപ്പിക്കാവുന്നതാണ്. എല്ലാ വാർഡുകളിൽ നിന്നുള്ള ജനങ്ങളുടെയും സമൂഹത്തിന്റെ വിവിധതുറകളിൽ നിന്നുള്ളവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. സ്ത്രീകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതത് തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഹാൾ/ കെട്ടിടം ഉണ്ടെങ്കിൽ അതിലായിരിക്കണം പരിപാടി സംഘടിപ്പിക്കേണ്ടത്. പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ചായ, ലഘുഭക്ഷണം എന്നിവ നൽകേണ്ടതാണ്. ഉച്ചയോടു കൂടി പൂർത്തിയാകുന്ന തരത്തിലായിരിക്കണം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വികസന സദസ് സംഘടിപ്പിക്കേണ്ടത്.
3. എം.എൽ.എ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ,

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/അംഗങ്ങൾ, മറ്റ ജനപ്രതിനിധികൾ എന്നിവർക്ക് പുറമേ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന മറ്റ് വിശിഷ്ട വ്യക്തികൾ, സമൂഹത്തിലെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വ്യക്തികൾ എന്നിവരെയും ഉദ്ഘാടന പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.

4. വികസന സദസ്സിന്റെ ആദ്യത്തെ ഒരു മണിക്കൂർ ഉദ്ഘാടന സമ്മേളനത്തിനായി വിനിയോഗിക്കാവുന്നതാണ്. അതത് തദ്ദേശസ്ഥാപനത്തിന്റെ വികസന നേട്ടങ്ങൾ ഉൾ പ്പെടുന്ന **പ്രോഗ്രസ് റിപ്പോർട്ട്** ഈ വേളയിൽ പ്രകാശനം ചെയ്യേണ്ടതാണ്. കൂടാതെ, അതിദാരിദ്ര്യ നിർമ്മാർജ്ജനം/ ലൈഫ് മിഷൻ പദ്ധതികളുടെ ഭാഗമായി ഭൂമി വിട്ടു നൽകിയവർ, ഹരിതകർമ്മസേനാംഗങ്ങൾ തുടങ്ങി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായവരെ ഈ വേദിയിൽ ആദരിക്കേണ്ടതാണ്.
5. ഉദ്ഘാടന സമ്മേളനത്തിനുതുടർന്നുള്ള 20 മിനിട്ടിൽ സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള വീഡിയോ/ പ്രസന്റേഷൻ, പബ്ലിക് റിലേഷൻസ് വകുപ്പ് പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺ അവതരിപ്പിക്കേണ്ടതാണ്.
6. അതിനെ തുടർന്നുള്ള 20-25 മിനിറ്റ്, അതിദാരിദ്ര്യ നിർമ്മാർജനം, ലൈഫ് മിഷൻ, മാലിന്യമുക്തം നവകേരളം,പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഗ്രാമീണ റോഡുകൾ, മറ്റ പശ്ചാത്തലസൗകര്യവികസനം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമം മുതലായ പദ്ധതികളുമായി ബന്ധപ്പെട്ട് അതത് തദ്ദേശ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ, ഓരോ തദ്ദേശസ്ഥാപനത്തിന്റെയും തനത് പ്രവർത്തനങ്ങൾ, നൂതനാശയങ്ങൾ നടപ്പിലാക്കിയത്, നേട്ടങ്ങൾ കൈവരിച്ചത് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രസന്റേഷനുള്ള സമയമാണ്. തദ്ദേശസ്ഥാപന സെക്രട്ടറിമാരാണ് ഇത് അവതരിപ്പിക്കേണ്ടത്. ഈ പ്രസന്റേഷനാവശ്യമായ പൊതുവായതും ഫ്ലക്സിബിളുമായ ഒരു ടെംപ്ലേറ്റ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കി നൽകേണ്ടതാണ്.
7. അവസാനത്തെ ഒരു മണിക്കൂർ പൊതു ജനങ്ങളിൽ നിന്നുള്ള അഭിപ്രായവും നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുന്നതിനുള്ള ചർച്ച/ഓപ്പൺ ഫോറം, സംഗ്രഹ ചർച്ച എന്നിവ നടത്തുന്നതിനായി വിനിയോഗിക്കേണ്ടതാണ്. സംസ്ഥാനത്തിന്റെ പൊതുവായ വികസന ലക്ഷ്യങ്ങൾക്കൊപ്പം തദ്ദേശ സ്ഥാപന തലത്തിലെ വികസന നിർദ്ദേശങ്ങളും ചർച്ചയ്ക്ക് വിധേയമാക്കണം.
8. ഇത്തരത്തിൽ ലഭ്യമായ വിശദാംശങ്ങൾ ക്രോഡീകരിച്ച് ഓരോ തദ്ദേശസ്ഥാപനങ്ങളും ഇതിനു വേണ്ടി തയ്യാറാക്കി നൽകുന്ന പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ മോഡിഫിക്കേഷൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ നടത്തേണ്ടതാണ്.
9. വികസന സദസിന്റെ ഭാഗമായി തലേന്ന് ആരംഭിച്ച് സദസ്സിന്റെ ദിനം അവസാനിക്കുന്ന തരത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർക്കാരിന്റെയും അതത് തദ്ദേശ സ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങളടങ്ങിയ ഫോട്ടോഗ്രാഫ്/ചിത്രങ്ങളുടെ പ്രദർശനവും പൊതുജനങ്ങൾക്ക് കെ-സ്മാർട്ട് സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ കെ-സ്മാർട്ട് ക്ലിനിക്കും നടത്തേണ്ടതാണ്.ഇതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളുടെ നേട്ടങ്ങൾ കാണിക്കുന്ന ഒരു മിനി എക്സിബിഷൻ സംഘടിപ്പിക്കേണ്ടതാണ്.
10. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ), ജില്ലാ കളക്ടർ (കോ ചെയർ), ജില്ലാ ജോയിന്റ് ഡയറക്ടർ-

തദ്ദേശസ്വയംഭരണ വകുപ്പ് (കൺവീനർ), ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരടങ്ങുന്ന സമിതി ജില്ലാതല പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.

11. വികസന സദസുമായി ബന്ധപ്പെട്ട സംസ്ഥാനതല വീഡിയോ തയ്യാറാക്കുന്നതും പരിപാടിയുടെ പൊതുവായ ബ്രാൻഡിംഗും പബ്ലിക് റിലേഷൻസ് വകുപ്പ് ചെയ്യേണ്ടതാണ്. തദ്ദേശ സ്ഥാപന തലത്തിലുള്ള IEC അതത് സ്ഥാപനങ്ങൾ തന്നെ ചെയ്യേണ്ടതാണ്.
12. വികസന സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള ചെലവ് ചെയ്യുന്നതിന് തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും-ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 2 ലക്ഷം, മുനിസിപ്പാലിറ്റികളിൽ 4 ലക്ഷം, കോർപ്പറേഷനുകളിൽ 6 ലക്ഷം എന്നിങ്ങനെ യഥേഷ്ടാനുമതി നൽകുന്നു. ആവശ്യമെങ്കിൽ സ്പോൺസർഷിപ്പിലൂടെയും തുക കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V I A S
SPECIAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 27-08-2025 14:37:15
സെക്ഷൻ ഓഫീസർ

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, അർബൻ
ഡയറക്ടർ റൂറൽ
ജില്ലാ ജോയിന്റ് ഡയറക്ടർമാർ, (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
വിവര- പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി